*"ഭരണഭാഷ–മാതൃഭാഷ"*

**തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കോട്ടയം**
**നഗരാസൂത്രകന്റെ നടപടിക്രമം**

**വിഷയം** : തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ് – ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കോട്ടയം – ചങ്ങനാശ്ശേരി നഗരസഭ – റസിഡൻഷ്യൽ കെട്ടിടനിർമ്മാണം – കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

**പരാമർശം** : 1. ചങ്ങനാശ്ശേരി നഗരസഭാ സെക്രട്ടറിയുടെ 16.05.2022–ലെ E1-BA/295/20–21 നമ്പർ കത്ത്.
2. ശ്രീ. അൻവർ ബിയാസിൻറെ 25.4.2022 ലെ അപേക്ഷ

---

**ഉത്തരവ് നമ്പർ : TCPKTM/393/2022–C** **തീയതി : 24/06/2022**

---

ചങ്ങനാശ്ശേരി നഗരസഭാ പരിധിയിൽ വാഴപ്പള്ളി കിഴക്ക് വില്ലേജിൽ ബ്ലോക്ക് 113, റീ സർവ്വേ– 54/3 ൽ ഉൾപ്പെട്ട 157 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള പ്ലോട്ടിൽ 62.05 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള വാസഗൃഹം നിർമ്മിക്കുന്നതുമായി സോണൽ കൺകറൻസ് ലഭിക്കുന്നതിനു വേണ്ടിയാണ് അപേക്ഷിച്ചിരിക്കുന്നത് . **അംഗീകൃത ചങ്ങനാശ്ശേരി ഡെവലപ്പ്മെൻറ് പ്ലാൻ പ്രകാരം അപേക്ഷകൻറെ പ്ലോട്ട് Developable Agriculture zone ൽ ഉൾപ്പെടുന്നു. മേഖലാ നിയന്ത്രണ ചട്ടങ്ങൾ പ്രകാരം പ്രസ്തുത സോണിൽ 200 ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾ നിർമ്മിക്കുന്നതിന് ടൗൺ പ്ലാനറുടെ കൺകറൻസ് ആവശ്യമാണ്.** ചങ്ങനാശ്ശേരി ഡെവലപ്മെൻറ് പ്ലാനിന്റെ മേഖലാ നിയന്ത്രണ ചട്ടം, കേരളാ മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 (KMBR 2019), ചട്ടം 5(6), ചട്ടം 30 എന്നിവ പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി **കൺകറൻസ് നൽകുന്നു.**

1. താഴെ പറയുന്ന നിബന്ധനകൾ പൂർണമായും പാലിച്ചിട്ടുണ്ടെന്നും , കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ –2019 (KMBR–2019) ലെ ചട്ടം 5(4) പ്രകാരം നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി /എൻ.ഓ.സി ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി / ഒക്കുപ്പൻസി നൽകുവാൻ പാടുള്ളു.
2. കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 (KMBR–2019), ചട്ടം 9(2) പ്രകാരം പ്ലോട്ടിൻറെ ഉടമസ്ഥത , സർവ്വേ നമ്പറുകൾ , വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകൻറെ ഉടമസ്ഥാവകാശം , നിർമ്മാണ അവകാശം തുടങ്ങിയവയും നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ടിട്ടില്ല എന്നതും ബന്ധപ്പെട്ട എല്ലാ രേഖകളും പരിശോധിച്ച് സെക്രട്ടറി ഉറപ്പ് വരുത്തണം. അപേക്ഷകൻറെ പ്ലോട്ടിൻറെ തെക്ക് വശത്തുള്ള പ്ലോട്ടിലെ വാസഗൃഹത്തിൻറെ ഷേഡ് അപേക്ഷകൻറെ വസ്തുവിലേക്ക് Project ചെയ്ത് നിൽക്കുന്നതായി കാണുന്നു. ഇത് പരിശോധിക്കേണ്ടതും ഈ ഭാഗത്തെ അപേക്ഷകൻറെ പ്ലോട്ടിൻറെ അതിര് ശരിയാണെന്നു ഉറപ്പ് വരുത്തേണ്ടതും , കെട്ടിട നിർമ്മാണ ചട്ട ലംഘനങ്ങൾ ഉണ്ടാകുവാൻ പാടില്ലാത്തതുമാണ്.
3. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന / നിർമ്മാണ പ്രവർത്തനങ്ങൾ 2008 ലെ കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ / 1967 ലെ കേരളാ ഭൂവിനിയോഗ ഉത്തരവ് എന്നിവയ്ക്ക് വിരുദ്ധമാകരുത്.
4. ഫില്ലിംഗ് പ്രവൃത്തികൾക്ക്, ആവശ്യമെങ്കിൽ , ബന്ധപ്പെട്ട വകുപ്പിൽ നിന്ന് അനുമതി

നേടിയിരിക്കണം.

5. കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 (KMBR-2019), ചട്ടം 79 പ്രകാരം ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിരിക്കണം.
6. പ്ലാനുകളിൽ പൊളിച്ചു നീക്കുവാനെന്ന് രേഖപ്പെടുത്തിയിരിക്കുന്ന കെട്ടിടം പൊളിച്ചു നീക്കേണ്ടതാണ്.
7. നിർമ്മാണം കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 (KMBR 2019) നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

മേൽ അംഗീകാരം, കെട്ടിടനിർമ്മാണം/ഭൂവികസന പ്രവർത്തനം എന്നിവ തുടങ്ങുന്നതിനുള്ള അനുമതി അല്ല . കെട്ടിടനിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി ചങ്ങനാശ്ശേരി നഗരസഭയിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കാൻ പാടുള്ളൂ. കെ.എം.ബി.ആർ-2019 പ്രകാരം നഗരസഭാ സെക്രട്ടറി ടി അപേക്ഷയിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ, നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിനുശേഷം മാത്രമേ സെക്രട്ടറി നിർമ്മാണാനുമതിയ്ക്ക് പരിഗണിക്കാവൂ.

അംഗീകരിച്ച പ്ലാൻ (1) ഉള്ളടക്കം ചെയ്യുന്നു.

കൺകറൻസ് നമ്പർ. 13/2022/KTYM)

**ANILKUMAR P, TP TPKTYM, O/O TP TPKTYM**

**സെക്രട്ടറി**
ചങ്ങനാശ്ശേരി നഗരസഭ (ഉള്ളടക്കം സഹിതം)

പകർപ്പ് :

1. ശ്രീ. അൻവർ ബിയാസ്, കുഴിവേലിൽ വീട്, വണ്ടിപ്പേട്ട, ചങ്ങനാശ്ശേരി പി.ഒ, ചങ്ങനാശ്ശേരി
2. കരുതൽ ഫയൽ 3. അധികം -1